**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2483** **23-02-2026-ൽ മറുപടിയ്ക്ക്**

**ലോട്ടറി തൊഴിലാളികൾക്കുള്ള വികസന പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ലോട്ടറി തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ലോട്ടറി തൊഴിലാളികൾക്ക് നിലവിൽ നല്കിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

**1. ഓണം ഉത്സവബത്ത**

ഓരോ വർഷവും ഓണം ഉത്സവ മാസം വരെ ഏറ്റവും കുറഞ്ഞത് ഒരു വർഷക്കാലത്തെയെങ്കിലും അംഗത്വ കാലാവധി പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹതയുള്ള എല്ലാ പെൻഷൻകാർക്കും എല്ലാ വർഷവും ഓണം ഉത്സവ ബത്ത നല്കുന്നുണ്ട്.

**2.പെൻഷൻ**

55 വയസ്സ് പൂർത്തിയായതും 10 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ അംഗത്തിന് പ്രതിമാസം 2,000/- രൂപ പെൻഷൻ നല്കി വരുന്നുണ്ട്.

**3. സ്കോളർഷിപ്പ് (വിദ്യാഭ്യാസാനുകൂല്യം)**

ഓരോ വർഷവും എസ്.എസ്.എൽ.സി/ പത്താംതര പരിക്ഷ 80% മാർക്കോടെ വിജയിച്ച് ഹയർ സെക്കൻററിതല പഠനത്തിനോ മറ്റു റഗുലർ കോഴ്സുകളിൽ ഉപരിപഠനത്തിനോ ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പ്രൊഫഷണലൽ കോഴ്സുകൾ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് ഉപരിപഠനത്തിന് ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പഠനകാലയളവിലെ ഓരോ വർഷത്തിലും ധനസഹായം നൽകി വരുന്നുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു:-

| **കോഴ്സ്** | **സ്കോളർഷിപ്പ് തുക** |
|---|---|
| ഹയർസെക്കന്ററി | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `1,500/- |
| പോളിടെക്നിക് ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ളോമ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `1,500/- |
| മെഡിക്കൽ ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `7,000/- |

| | |
|---|---|
| എഞ്ചിനീയറിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `4,000/- |
| പാരാ മെഡിക്കൽ / നഴ്സിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `4,000/- |
| എം.ബി.എ/എം.സി.എ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `3,000/- |
| മറ്റ് ബിരുദ/ ബിരുദാനന്തര ബിരുദ കോഴ്സുകൾ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `2,000/- |

**4. വിവാഹാനുകല്യം**

കുറഞ്ഞത് മൂന്നു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന വനിത അംഗങ്ങളുടെയും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി 25,000/- രൂപ നൽകി വരുന്നുണ്ട്.

**5. പ്രസവാനുകൂല്യം**

ഒരു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ച വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 10,000/- രൂപ (പരമാവധി രണ്ട് തവണ) നൽകി വരുന്നുണ്ട്.

**6. ചികിത്സാ സഹായം**

- ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത, ഒരു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് മൂന്ന് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ മൂന്ന് ദിവസം 750/- രൂപയും തുടർന്നുള്ള ഓരോ ദിവസവും 150/- രൂപയും (വാർഷിക പരിധി 5,000/- രൂപ) നൽകി വരുന്നുണ്ട് .
- വൃക്കരോഗം, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗബാധ കൊണ്ട് കഷ്ടപ്പെടുന്നവർക്ക് പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്.

**7. കുടുംബ പെൻഷൻ**

പെൻഷൻ ലഭിക്കുന്ന അംഗമോ ലഭിക്കാൻ അർഹതപ്പെട്ട അംഗമോ മരണപ്പെട്ടാൽ ടിയാന്റെ അർഹതപ്പെട്ടയാൾക്ക് പ്രതിമാസം 1,000/- രൂപ കുടുംബപെൻഷനായി നൽകി വരുന്നുണ്ട്.

**8. അവശതാ പെൻഷൻ**

രോഗം മൂലമോ അപകടം മൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ച, ഒരു വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന ഒരംഗത്തിന് പൂർണ്ണ അവശത തുടരുന്ന പക്ഷം അങ്ങിനെ ഒരു വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**9. മരണാനന്തര സാമ്പത്തിക സഹായം**

അപകടം മൂലം ക്ഷേമനിധി അംഗത്തിന് മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും സ്വാഭാവിക മരണത്തിന് 50,000 രൂപയും അനന്തരാവകാശികൾക്ക് നൽകി വരുന്നുണ്ട്.

**10.മരണാനന്തര അംശദായം തിരികെ നല്കുന്നത്**

മരണപ്പെട്ട ക്ഷേമനിധി അംഗങ്ങളുടെ അനന്തരാവകാശികൾക്ക് അംശദായം ഒടുക്കിയ തുകയുടെ 6% പലിശ സഹിതം തിരികെ നല്കുന്നതാണ്.

**11.അംശദായം തിരികെ നല്കുന്നത്**

ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർക്ക് അപേക്ഷ നല്കി അംഗത്വം അവസാനിപ്പിച്ചതും അംഗത്വം സ്വയമേവ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ക്ഷേമനിധി അംഗങ്ങൾക്ക് അവർ ഒടുക്കിയ അംശദായ തുക 6% പലിശ സഹിതം തിരികെ നല്കുന്നതാണ്.

ഇതു കൂടാതെ ക്ഷേമനിധി അംഗങ്ങൾക്ക് യൂണിഫോം വിതരണം, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്ര വാഹന വിതരണം എന്നിവ നടത്തിയിട്ടുണ്ട്. സ്വന്തമായി കടയോ സ്ഥാപനമോ ഇല്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ബീച്ച് അംബ്രല്ല നല്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2021-ലെ വിഷു ബമ്പർ (BR-79) ഭാഗ്യക്കുറിയുടെ ലാഭവിഹിതമായി ലഭിച്ച 9,47,55,003.17/- രൂപ വിനിയോഗിച്ച് ഭവന രഹിതരായ ക്ഷേമനിധി അംഗങ്ങൾക്ക് വീട് വച്ച് നല്കുന്ന പദ്ധതി നടപ്പിലാക്കുകയും അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഘട്ടം ഘട്ടമായി തുക അനുവദിച്ച് നല്കുകയും ചെയ്തു വരുന്നുണ്ട്.

| **കോഴ്സ്** | **സ്കോളർഷിപ്പ് തുക** |
|---|---|
| ഹയർസെക്കന്ററി | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `1,500/- |
| പോളിടെക്നിക് ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `1,500/- |
| മെഡിക്കൽ ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `7,000/- |
| എഞ്ചിനീയറിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `4,000/- |
| പാരാ മെഡിക്കൽ / നഴ്സിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `4,000/- |
| എം.ബി.എ/എം.സി.എ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `3,000/- |
| മറ്റ് ബിരുദ/ ബിരുദാനന്തര ബിരുദ കോഴ്സുകൾ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `2,000/- |

**4. വിവാഹാനുകൂല്യം**

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന വനിത അംഗങ്ങളുടെയും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി 25,000/- രൂപ നൽകി വരുന്നുണ്ട്.

**5. പ്രസവാനുകൂല്യം**

ഒരു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ച വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 10,000/- രൂപ (പരമാവധി രണ്ട് തവണ) നൽകി വരുന്നുണ്ട്.

**6. ചികിത്സാ സഹായം**

- ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത, ഒരു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് മൂന്ന് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ മൂന്ന് ദിവസം 750/- രൂപയും തുടർന്നുള്ള ഓരോ ദിവസവും 150/- രൂപയും (വാർഷിക പരിധി 5,000/- രൂപ) നൽകി വരുന്നുണ്ട് .
- വൃക്കരോഗം, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗബാധ കൊണ്ട് കഷ്ടപ്പെടുന്നവർക്ക് പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്.

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ലോട്ടറി തൊഴിലാളികൾക്ക് നിലവിൽ നല്കിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

**1. ഓണം ഉത്സവബത്ത**

ഓരോ വർഷവും ഓണം ഉത്സവ മാസം വരെ ഏറ്റവും കുറഞ്ഞത് ഒരു വർഷക്കാലത്തെയെങ്കിലും അംഗത്വ കാലാവധി പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹതയുള്ള എല്ലാ പെൻഷൻകാർക്കും എല്ലാ വർഷവും ഓണം ഉത്സവ ബത്ത നല്കുന്നുണ്ട്.

**2.പെൻഷൻ**

55 വയസ്സ് പൂർത്തിയായതും 10 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ അംഗത്തിന് പ്രതിമാസം 2,000/- രൂപ പെൻഷൻ നല്കി വരുന്നുണ്ട്.

**3. സ്കോളർഷിപ്പ് (വിദ്യാഭ്യാസാനുകൂല്യം)**

ഓരോ വർഷവും എസ്.എസ്.എൽ.സി/ പത്താംതര പരിക്ഷ 80% മാർക്കോടെ വിജയിച്ച് ഹയർ സെക്കൻററിതല പഠനത്തിനോ മറ്റു റഗുലർ കോഴ്സുകളിൽ ഉപരിപഠനത്തിനോ ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പ്രൊഫഷണലൽ കോഴ്സുകൾ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് ഉപരിപഠനത്തിന് ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പഠനകാലയളവിലെ ഓരോ വർഷത്തിലും ധനസഹായം നൽകി വരുന്നുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു:-

| **കോഴ്സ്** | **സ്കോളർഷിപ്പ് തുക** |
|---|---|
| ഹയർസെക്കന്ററി | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `1,500/- |
| പോളിടെക്നിക് ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ളോമ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `1,500/- |
| മെഡിക്കൽ ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `7,000/- |
| എഞ്ചിനീയറിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `4,000/- |
| പാരാ മെഡിക്കൽ / നഴ്സിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `4,000/- |
| എം.ബി.എ/എം.സി.എ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `3,000/- |
| മറ്റ് ബിരുദ/ ബിരുദാനന്തര ബിരുദ കോഴ്സുകൾ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും `2,000/- |

**4. വിവാഹാനുകല്യം**

കുറഞ്ഞത് മൂന്നു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന വനിത അംഗങ്ങളുടെയും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി 25,000/- രൂപ നൽകി വരുന്നുണ്ട്.

**5. പ്രസവാനുകൂല്യം**

ഒരു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ച വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 10,000/- രൂപ (പരമാവധി രണ്ട് തവണ) നൽകി വരുന്നുണ്ട്.

**6. ചികിത്സാ സഹായം**

- ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത, ഒരു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് മൂന്ന് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ മൂന്ന് ദിവസം 750/- രൂപയും തുടർന്നുള്ള ഓരോ ദിവസവും 150/- രൂപയും (വാർഷിക പരിധി 5,000/- രൂപ) നൽകി വരുന്നുണ്ട് .
- വൃക്കരോഗം, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗബാധ കൊണ്ട് കഷ്ടപ്പെടുന്നവർക്ക് പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്.

**7. കുടുംബ പെൻഷൻ**

പെൻഷൻ ലഭിക്കുന്ന അംഗമോ ലഭിക്കാൻ അർഹതപ്പെട്ട അംഗമോ മരണപ്പെട്ടാൽ ടിയാന്റെ അർഹതപ്പെട്ടയാൾക്ക് പ്രതിമാസം 1,000/- രൂപ കുടുംബപെൻഷനായി നൽകി വരുന്നുണ്ട്.

**8. അവശതാ പെൻഷൻ**

രോഗം മൂലമോ അപകടം മൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ച, ഒരു വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന ഒരംഗത്തിന് പൂർണ്ണ അവശത തുടരുന്ന പക്ഷം അങ്ങിനെ ഒരു വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**9. മരണാനന്തര സാമ്പത്തിക സഹായം**

അപകടം മൂലം ക്ഷേമനിധി അംഗത്തിന് മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും സ്വാഭാവിക മരണത്തിന് 50,000 രൂപയും അനന്തരാവകാശികൾക്ക് നൽകി വരുന്നുണ്ട്.

**10.മരണാനന്തര അംശദായം തിരികെ നല്കുന്നത്**

മരണപ്പെട്ട ക്ഷേമനിധി അംഗങ്ങളുടെ അനന്തരാവകാശികൾക്ക് അംശദായം ഒടുക്കിയ തുകയുടെ 6% പലിശ സഹിതം തിരികെ നല്കുന്നതാണ്.

**11.അംശദായം തിരികെ നല്കുന്നത്**

ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർക്ക് അപേക്ഷ നല്കി അംഗത്വം അവസാനിപ്പിച്ചതും അംഗത്വം സ്വയമേവ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതുമായ ക്ഷേമനിധി അംഗങ്ങൾക്ക് അവർ ഒടുക്കിയ അംശദായ തുക 6% പലിശ സഹിതം തിരികെ നല്കുന്നതാണ്.

ഇതു കൂടാതെ ക്ഷേമനിധി അംഗങ്ങൾക്ക് യൂണിഫോം വിതരണം, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്ര വാഹന വിതരണം എന്നിവ നടത്തിയിട്ടുണ്ട്. സ്വന്തമായി കടയോ സ്ഥാപനമോ ഇല്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ബീച്ച് അംബ്രല്ല നല്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2021-ലെ വിഷു ബമ്പർ (BR-79) ഭാഗ്യക്കുറിയുടെ ലാഭവിഹിതമായി ലഭിച്ച 9,47,55,003.17/- രൂപ വിനിയോഗിച്ച് ഭവന രഹിതരായ ക്ഷേമനിധി അംഗങ്ങൾക്ക് വീട് വച്ച് നല്കുന്ന പദ്ധതി നടപ്പിലാക്കുകയും അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഘട്ടം ഘട്ടമായി തുക അനുവദിച്ച് നല്കുകയും ചെയ്ത് വരുന്നുണ്ട്.

**(ബി)** ലോട്ടറി തൊഴിലാളികളുടെ ക്ഷേമത്തിനായി ഭാവിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** കാഴ്ച പരിമിതരായ അംഗങ്ങൾക്ക് കണ്ണട, സെൻസറടങ്ങിയ സ്മാർട് ഫോൺ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, അംഗങ്ങൾക്ക് ബാഗ്, കുട എന്നിവ നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന മക്കൾക്ക് സ്കൂൾ കിറ്റ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുഅടെയും ക്ഷേമനിധി ബോർഡിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**